# കേരള സർക്കാർ

നം. 67020/എ ബി2/08/തസ്വഭവ.

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്,
തിരുവനന്തപുരം, തീയതി: 09/01/2014
ഫോൺ: 04712518907

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മണൽ വാരലും വില്പനയുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

............

2001-ലെ കേരള നദീതീര സംരക്ഷണവും, മണൽ വാരൽ നിയന്ത്രണവും ആക്ടിലെ 12-ൽ (3), കേരള നദീതീര സംരക്ഷണവും മണൽ വാരൽ ചട്ടങ്ങളിലെ ചട്ടം 15 (എ) എന്നിവ പ്രകാരം മണൽ വാരുന്ന കടവിലുള്ള തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കി ഐഡന്റിറ്റി കാർഡ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204(1)എ (i) പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതായ ആൾക്ക് വകുപ്പ് 204(2) പ്രകാരം നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ തൊഴിൽ നികുതി ചുമത്തേണ്ട നിരക്കുകൾ 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ 3-ൽ (1) പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആയതിലെ ഏറ്റവും കുറഞ്ഞ അർദ്ധ വാർഷിക വരുമാനം 12,000/- രൂപയാണ്. എന്നാൽ മണൽ വാരി വിൽപ്പന നടത്തുന്ന പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത തൊഴിലാളികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ വൻ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഇനത്തിൽ നഷ്ടപ്പെടുന്നുണ്ട്. ടി നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന ഈ നഷ്ടം ഒഴിവാക്കാൻ മണൽ വാരുന്നതിന് നിയോഗിക്കുന്ന തൊഴിലാളികളിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2001-ലെ കേരള നദീതീര സംരക്ഷണവും, മണൽ വാരൽ നിയന്ത്രണവും ആക്ടിലെ 17(1), (2) 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ എന്നിവ പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മണൽ വിൽപ്പനയിലൂടെ സ്വരൂപിക്കുന്ന തുകയുടെ 50% ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലുള്ള റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് പോകുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ അടയ്ക്കുന്ന തുകയ്ക്ക് ഔദ്യോഗിക രശീതിയോ, ടി.ആർ.6, ടി.ആർ.5 എന്നീ രശീതിയോ നൽകുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷക്കണക്കിന് രൂപ അടയ്ക്കുമ്പോൾ പണം/ചെക്ക് കൈപ്പറ്റിയതായി വെള്ളക്കടലാസിൽ എഴുതി നൽകുക മാത്രമാണ് ചെയ്യുന്നത്. ഔദ്യോഗിക രശീതി ലഭ്യമല്ലാത്തതിനാൽ ഈയിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒടുക്കിയ തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ വരവ് വച്ചതായി ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിയുന്നില്ല. ആയതിനാൽ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ മണൽ വിൽപ്പനയിലൂടെ സ്വരൂപിക്കുന്ന തുകയിൽ നിന്ന് കളക്ടറുടെ നിയന്ത്രണത്തിലുള്ള റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് അടയ്ക്കുന്ന തുകയ്ക്ക് ഔദ്യോഗിക രശീതിയോ, ടി.ആർ5 രശീതിയോ നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സംസ്ഥാനത്ത് മണൽ വാരി നൽകുന്ന ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുഴക്കടവിൽ നിന്ന് മണൽ കയറ്റിയ ലോറികൾ സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് ശേഖരിക്കുമ്പോഴും സ്ഥല ഉടമകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലോഡ് അടിസ്ഥാനമാക്കി പാതാർ ചേർത്ത് നൽകുന്നുണ്ട്. പാതാർ നിലവിലുള്ള സ്ഥലങ്ങളിൽ ഭൂമിയ്ക്ക് പ്രതിമാസ/വാർഷിക വാടക നിശ്ചയിച്ച് നൽകുന്നതിനോ, ഉടമകൾ ആയതിന് തയ്യാറാവാത്ത പക്ഷം പ്രസ്തുത ഭൂമി അക്വയർ ചെയ്യുന്നതിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കാത്തതിനാൽ വർഷം തോറും വൻ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടപ്പെടുന്നുണ്ട്. പാതാർ നിലവിലുള്ള സ്ഥലങ്ങളിൽ ഭൂമി പുറമ്പോക്ക് സ്ഥലമല്ലായെന്ന് ഉറപ്പാക്കിയ ശേഷം പ്രതിമാസ/വാർഷിക വാടക നിശ്ചയിച്ച് ഭൂ ഉടമയ്ക്ക് നൽകുന്നതിനും, ഭൂഉടമകൾ ആയതിന് തയ്യാറാവാത്ത പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടി ഭൂമി അക്വയർ ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

എം.എസ്. റഷീദ,
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
( പഞ്ചായത്ത് ഡയറക്ടർ മുഖേന)
റവന്യൂ (പി) വകുപ്പ്
ഡയറക്ടർ IKM (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ് : തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ